ന്യൂ അമരമ്പലം വനപ്രദേശത്തെ മൃഗവേട്ടയെക്കുറിച്ച് അന്വേഷണം

99 (3308) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ പുള്ളിമാനുകളുടെ കേന്ദ്രമായിരുന്ന ന്യൂ അമരമ്പലം റിസർവ്വ് വനത്തിൽനിന്നും രണ്ട് വർഷത്തിനിടെ പുള്ളിമാനുകളെ കൂട്ടത്തോടെ കൊന്നൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഫോറസ്റ്റ് ഉദ്യോഗസ്ഥരും അവരുടെ സുഹൃത്തുക്കൾ ഉൾപ്പെടെയുള്ളവരും സർക്കാർ വാഹനങ്ങളിൽ മൃഗവേട്ട നടത്തിയതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ന്യൂ അമരമ്പലം വനപ്രദേശത്തെ മൃഗവേട്ടയെക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഇ) ഈ പ്രദേശത്തെ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ദേശാടനക്കിളികൾ വരുന്ന സ്ഥലങ്ങൾ

100 (3309) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എം. എം. ഹസ്സൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശാടനക്കിളികൾ വരുന്ന എത്ര സ്ഥലങ്ങൾ സംസ്ഥാനത്തുണ്ട് ;

(ബി) തട്ടേക്കാട് ദേശാടനക്കിളികളെ കണ്ടുവരുന്നത് ഏതു കാലത്താണ് ;

(സി) കൊല്ലത്ത് ഇത്തിക്കരയിൽ ദേശാടനക്കിളികൾ വരുന്നുണ്ടോ ;

(ഡി) എത്ര കാലം അവ അവിടങ്ങളിൽ തങ്ങുന്നു ;

(ഇ) എത്രയിനം ദേശാടനക്കിളികൾ അവിടെയെത്തുന്നു ;

LIBRARY ARCHIVES Kerala Legislative Assembly